**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1338** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21 .3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേക്ക് പാലുൽപ്പാദനം വർദ്ധിച്ചു. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളുടേയും ആഭ്യന്തര പാൽ സംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖല യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39599 ലിറ്ററിന്റെ വർദ്ധനവുണ്ടായി. എറണാകുളം മേഖല യൂണിയന്റെ പ്രതിദിന ശരാശരി സംഭരണത്തിൽ 25502 ലിറ്ററിന്റെ വർദ്ധനവുണ്ടായി. മലബാർ മേഖല യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51572 ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ക്ഷീരവികസന മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവർക്ക് പുതിയ | (ബി) | ക്ഷീരവികസന വകുപ്പിന്റെ എല്ലാ പദ്ധതികളും വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് |

| | | | |
|---|---|---|---|
| | സംരംഭങ്ങൾ തുടങ്ങുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | | നടപ്പിലാക്കുന്നത്. വകുപ്പ് വനിതകളുടെ സർവ്വേ നടത്തിയപ്പോൾ 36% സ്ത്രീകൾ ഈ മേഖലയിൽ വിവിധ തലങ്ങളിലായി പ്രവർത്തിച്ചുവരുന്നതായി കണക്കാക്കുന്നു. കൂടാതെ, വനിത ഗ്രൂപ്പുകൾക്കായി തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷിയും, തീറ്റപ്പുൽ സംഭരണവും വിപണനവും നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതകൾക്കായി കറവപ്പശു വാങ്ങൽ, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഇൻസെന്റീവ്, ബയോഗ്യാസ് പ്ലാന്റ്, കാലിത്തൊഴുത്ത് നിർമ്മാണം മുതലായവയും നടപ്പിലാക്കി വരുന്നു. |
| (സി) | പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് എന്ന് അറിയിക്കുമോ; | (സി) | വകുപ്പ് ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ *വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് *പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും *കറവ പരിശീലനം *ഇടുക്കി പാക്കേജ് *വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം. |
| (ഡി) | പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പാലിന്റെ ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിച്ചു. ഇതിന്റെ ഭാഗമായി അധികം ഉല്പാദിപ്പിക്കപ്പെടുന്ന പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിൽ പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുട്ടയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല. 2020-21 ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷിക ഉല്പാദനം 21768 ലക്ഷം ആണ് (പ്രൊവിഷണൽ). 2020-21 വർഷം 23346 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ